പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 189

11.03.2020- ൽ മറുപടിക്ക്.

# മാനുഫാക്ചറിങ് മേഖലയുടെ വികസനം

ചോദ്യം
ശ്രീമതി ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. മുഹമ്മദ് മുഹസിൻ പി.

മറുപടി
ഇ. പി. ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം കേരളത്തിലെ മാനുഫാക്ചറിങ് മേഖലയുടെ മൂല്യത്തിൽ ക്രമാനുഗതമായി വർദ്ധനവ് ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (എ) : ഉണ്ട്. വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം പ്രകാരം 2016 ഏപ്രിൽ മുതൽ 2020 ജനുവരി വരെ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ യഥാക്രമം 15535, 15468, 13826, 11399 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിരുന്നു. ഇവയിൽ മേൽപ്രകാരമുള്ള സാമ്പത്തികവർഷങ്ങളിൽ യഥാക്രമം 11858, 11473, 10273, 7846 എണ്ണം മാനുഫാക്ചറിങ് മേഖലയിലാണ് ആരംഭിച്ചിട്ടുള്ളത്. വർഷംതോറും ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളിൽ 75%-ൽ കൂടുതൽ മാനുഫാക്ചറിങ് മേഖലയിലാണ്. |
| (ബി) | കേരളത്തിലെ മാനുഫാക്ചറിങ് മേഖലയിൽ തൊഴിലാളികളുടെ എണ്ണം പരമ്പരാഗത വ്യവസായങ്ങളിലെ ഘടനാപരമായ പ്രശ്നങ്ങളാൽ കുറഞ്ഞു വരുന്നതായി കാണപ്പെടുന്നത് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) : മാനുഫാക്ചറിങ് മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ആധുനിക വ്യവസായങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ; | (സി) : ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ഐ.റ്റി. വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നുണ്ട്. വസ്ത്ര നിർമ്മാണ മേഖലയിൽ ആധുനിക ഡിസൈനുകൾ ഉപയോഗിച്ചുള്ള സംരംഭങ്ങളും ആരംഭിക്കുന്നു. കൂടാതെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ കാർഷികാധിഷ്ഠിത ഉത്പന്നങ്ങളിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾക്കും മുൻഗണന നൽകുന്നുണ്ട്. |

(ഡി) ബി.പി.സി.എൽ-കൊച്ചി റിഫൈനറിയുടെ വികസനവുമായി ബന്ധപ്പെട്ടുള്ള ശുദ്ധീകരണ പെട്രോ കെമിക്കൽ ഉല്പാദന ശേഷികളുടെ വിപുലീകരണം കേരളത്തിലെ രാസ അനുബന്ധ വ്യവസായങ്ങൾക്ക് പുത്തൻ പ്രതീക്ഷ നൽകിയിട്ടുണ്ടോ ;

(ഡി) : ബി. പി. സി. എൽ-ന്റെ വിപുലീകരണം കേരളത്തിലെ പെട്രോകെമിക്കൽ മേഖലയ്ക്ക് ഗുണകരമാകുന്നുണ്ട്.

(ഇ) വസ്ത്രങ്ങൾ, രാസവസ്തുക്കൾ, ഫാർമാസ്യൂട്ടിക്കൽസ്, ഫർണിച്ചർ, ജുവല്ലറി, മെഡിക്കൽ ഉപകരണങ്ങൾ എന്നീ വ്യവസായങ്ങൾ വളർച്ച രേഖപ്പെടുത്തുന്നുണ്ടോ ; വിശദമാക്കാമോ ?

(ഇ) : ടെക്സ്റ്റയിൽസ്, തടി എന്നീ വ്യവസായങ്ങളിൽ ക്രമാനുഗതമായ വളർച്ച തന്നെയാണ് രേഖപ്പെടുത്തുന്നത്. രാസവസ്തുക്കൾ, ഫാർമാസ്യൂട്ടിക്കൽ തുടങ്ങിയ വ്യവസായങ്ങളിലും കുറവ് ഉള്ളതായി കണ്ടെത്തിയിട്ടില്ല. രാസവസ്തുക്കൾ മേഖലയിൽ 2014-15-ലെ ടേൺ ഓവർ 1127.6 കോടി രൂപയായിരുന്നത് 2018-19-ൽ 1595.9 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ടെക്സ്റ്റയിൽസ് മേഖലയിൽ 2014-15-ലെ ടേൺ ഓവർ 138.7 കോടി രൂപയായിരുന്നത് 2018-19-ൽ 157.3 കോടി രൂപയായി ഉയർന്നിട്ടുണ്ട്. പരമ്പരാഗത തടി അടിസ്ഥാന മേഖലയിൽ 2014-15-ലെ ടേൺ ഓവർ 131.7 കോടി രൂപയായിരുന്നത് 2018-19-ൽ 136.3 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.